**Joseph Srampickal**
Bishop, Catholic Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom,B8 3BB
Email: bishop@csmegb.org

Circular 06/2025 25 July 2025

# Friends of *Mar Yawsep* Pastoral House: Regional Meetings

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

കർത്താവായ ഈശോ മിശിഹായുടെ അളവറ്റ കരുണയാലും ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയിലെ വൈദികരുടെയും, സമർപ്പിതരുടെയും, വിശ്വാസികളുടെയും ഉദാരമായ സഹകരണത്താലും 2024 ജൂലൈ 25ന് നമ്മുടെ രൂപതയ്ക്ക് ബർമിംഹാമിലെ മേരിവെയിലിൽ ഒരു അജപാലന ഭവനം സ്വന്തമായി ലഭിച്ച വിവരം നിങ്ങൾക്കെല്ലാം അറിവുള്ളതാണല്ലോ.

സമകാലീന കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഏറ്റവും വിലപ്പെട്ട സ്ഥലമാണ് ബർമിംഹാമിലെ മേരിവെയിൽ. വിശുദ്ധനായ കർദ്ദിനാൾ ജോൺ ഹെൻറി ന്യൂമാൻ കത്തോലിക്കനായി ആദ്യത്തെ ഓററ്ററി സ്ഥാപിച്ചത് മേരിവെയിലിലാണ്. പരിശുദ്ധ കന്യകാമറിയത്തിന് സമർപ്പിതമായിട്ടുള്ള ഈ പുണ്യഭൂമിയിൽത്തന്നെ നമ്മുടെ രൂപതയ്ക്ക് ഒരു അജപാലന ഭവനം ലഭിച്ചത് ദൈവത്തിന്റെ കരുണയാലും പരിപാലനയാലും ആണെന്ന് നമുക്ക് നിസ്സംശയം പറയുവാൻ സാധിക്കും.

ഓൾഡ് ഓസ്കോട്ട് ഹില്ലിൽ നമുക്ക് ലഭിച്ചിരിക്കുന്ന ക്യാമ്പസ്സിനും ഭവനത്തിനും നമ്മൾ നൽകിയിരിക്കുന്ന പേര് ബേസ് റയാ ദ് മാർ യൗസേപ്പ് (മാർ യൗസേപ്പ് അജപാലന ഭവനം) എന്നാണ്. സമർപ്പിതരുടെ ഭവനമായിരുന്ന ഇതിനെ ഒരു അജപാലന ഭവനമായി പരിവർത്തനം ചെയ്യുന്നതിന്റെ ആസൂത്രണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

നമ്മുടെ രൂപതയുടെ ഈ വലിയ നേട്ടത്തിന് പിന്നിൽ പ്രവർത്തിച്ച സ്നേഹസമ്പന്നരായ എല്ലാവരോടും നന്ദി പറയാനുള്ള സമ്മേളനം റീജണൽ തലത്തിൽ നടത്തുവാനായി ആഗ്രഹിക്കുന്നു. റീജണിലെ വൈദികരോടു ചേർന്ന് ദൈവത്തിനുള്ള കൃതജ്ഞതയായി ഞാൻ വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്. തുടർന്ന് അജപാലനഭവനത്തിന്റെ വരവ് ചിലവ് കണക്കുകളും ഭവനത്തിന് വരുത്തുന്ന നവീകരണപദ്ധതികകളും അവതരിക്കുന്നതാണ്. ഇത് അജപാലന ഭവനത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കാനും വിലയിരുത്താനുമുള്ള ഒരവസരമായിരിക്കും. ഓരോ റീജണിലേയും വൈദീകരെയും സമർപ്പിതരേയും അജപാലനഭവനത്തിന്റെ അഭ്യുദയകാംഷികളായ എല്ലാവരെയും 15 സ്ഥലങ്ങളിലായി 15 ദിവസങ്ങളിൽ നടക്കുന്ന മാർ യൗസേപ്പ് അജപാലനഭവന സ്നേഹിതരുടെ കൂട്ടായ്മയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നമ്മുടെ കർത്താവായ ഈശോമിശിഹാ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ 2025 ജൂലൈ 27 ഞായറാഴ്ച (അന്നേദിവസം വിശുദ്ധ കുർബാന ഇല്ലെങ്കിൽ , വിശുദ്ധ കുർബാന ആഘോഷിക്കുന്ന ഏറ്റവും അടുത്തുള്ള ഞായറാഴ്ച) വിശുദ്ധ കുർബാനയുടെ ആഘോഷവേളയിൽ എല്ലാ ഇടവകകളിലും/മിഷനുകളിലും /നിർദിഷ്ഠ മിഷനുകളിലും വായിക്കേണ്ടതാണ്.

**Joseph Srampickal**
Bishop, Catholic Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom,B8 3BB
Email: bishop@csmegb.org

## Schedule of the Regional Meetings of Friends of *Mar Yawsep* Pastoral House

| | Region | Place | Date | Time |
|---|---|---|---|---|
| 1 | Birmingham | Saltley | 20.9.2025 | 4.00 pm |
| 2 | Bristol-Cardiff 1 | Gloucester | 2.10.2025 | 6.30 pm |
| 3 | Bristol-Cardiff 2 | Taunton | 3.10.2025 | 7.00 pm |
| 4 | Cambridge | Norwich | 29.10.2025 | 6.00 pm |
| 5 | Canterbury 1 | Ashford | 28.10.2025 | 7.00 pm |
| 6 | Canterbury 2 | Redhill | 18.9.2025 | 7.00 pm |
| 7 | Leeds 1 | Leeds | 23.9.2025 | 6.00 pm |
| 8 | Leeds 2 | Middlesbrough | 25.9.2025 | 6.00 pm |
| 9 | Leicester | Leicester | 30.9.2025 | 7.00 pm |
| 10 | London | Hornchurch | 20.10.2025 | 7.00 pm |
| 11 | Manchester | Wythenshawe | 21.10.2025 | 6.00 pm |
| 12 | Oxford | Oxford | 29.9.2025 | 6.00 pm |
| 13 | Preston | Litherland | 22.10.2025 | 6.30 pm |
| 14 | Scotland | Glasgow | 22.9.2025 | 5.30 pm |
| 15 | Southampton | Portsmouth | 7.10.2025 | 6.15 pm |